പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4032 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വാങ്ങിയ ഷാസികൾ

ചോദ്യം

ശ്രീ. ജോൺ ഫെർണാണ്ടസ്
'' ഐ.ബി. സതീഷ്
'' കാരാട്ട് റസാഖ്
'' കെ. കെ. രാമചന്ദ്രൻ നായർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി വാങ്ങിയ ഷാസികൾ എത്രയെന്നും അവ ഉപയോഗിച്ച് എത്ര ബോഡി നിർമ്മിച്ച് നിരത്തിലിറക്കാനായി എന്നും അറിയിക്കുമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി 2500 ഷാസികൾ വാങ്ങിയിട്ടുണ്ട്. ടി ഷാസികളിൽ 14/10/2016 വരെ 2463 ഷാസികളിൽ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കിയുള്ള ഷാസികളിൽ ബോഡി നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| (ബി) | ബോഡി നിർമ്മിച്ച് നിരത്തിലിറക്കാൻ സാധ്യമാക്കുന്നതിലും അധികം ഷാസികൾ വാങ്ങിയതു കാരണം സ്ഥാപനത്തിനുണ്ടായ സാമ്പത്തിക ബാധ്യതയെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇങ്ങനെ ആവശ്യത്തിലധികം ഷാസികൾ വാങ്ങിയതിനു കാരണമെന്തെന്ന് വിശദമായ അന്വേഷണം നടത്തുമോ; | (ബി) | ബോഡി നിർമ്മിച്ച് നിരത്തിലിറക്കാൻ സാധ്യമാകുന്നതിലും അധികം ഷാസികൾ വാങ്ങിയിട്ടില്ല. മുൻ കാലങ്ങളിൽ വർഷം തോറും 1000 ഷാസികൾ എന്ന കണക്കിലാണ് വാങ്ങിയിരുന്നത്. |
| (സി) | നവംബർ മുതൽ നിർബന്ധമാക്കുന്ന 'ഭാരത് സ്റ്റേജ് 4' മാനദണ്ഡം കാരണം ബോഡി നിർമ്മിക്കാൻ സാധിക്കാതെ ഇട്ടിരിക്കുന്ന ഷാസികൾ ഉപയോഗശൂന്യമാകാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | 2016 മാർച്ച് 31-ന് മുമ്പായി വാഹന നിർമ്മാതാക്കൾ നിർമ്മിച്ച ഷാസികൾക്ക് ഇത് ബാധകമല്ല. |

സെക്ഷൻ ഓഫീസർ